LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒരു ഒഴിവുണ്ട്. എൻ.എച്ച്.എം. വഴി ഒരു ഫാർമസിസ്റ്റ്, 1- ഫിസിയോതെറാപ്പിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് വഴി ഒരു സ്റ്റാഫ് നഴ്സും അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറും ജോലി ചെയ്യുവരുന്നു.

(എഫ്) നിലവിൽ പ്രസ്തുത സി.എച്ച്.സി.-യുടെ പ്രവർത്തനസമയം ഏതാണെന്നു വ്യക്തമാക്കുമോ; പ്രവർത്തനസമയത്തിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഇവിടെനിന്നും ലഭ്യമാക്കുന്നത്; ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാക്കുന്ന സമയം വ്യക്തമാക്കുമോ?

നിലവിൽ ആശുപത്രി പ്രവർത്തന സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയാണ്. ഒ.പി, ഫാർമസി, ലാബ്, കോവിഡ് ടെസ്റ്റ്, കോവിഡ് വാക്സിനേഷൻ, ഡെന്റൽ ഒ.പി, ഫിസിയോതെറാപ്പി, പ്രൈമറി ആൻഡ് സെക്കന്ററി പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ മുതലായ സേവനങ്ങൾ നൽകിവരുന്നു. നിലവിലുള്ള നാല് അസിസ്റ്റന്റ് സർജന്മാരിൽ ഒരു ഡോക്ടർ ജില്ലാ ആശുപത്രി കാഞ്ഞങ്ങാടും ഒരാൾ ശൂന്യവേതനാവധിയിലുമാണ്. ആയതിനാലാണ് സായാഹ്ന ഒ.പി. പ്രവർത്തിക്കാത്തത്. ഡോക്ടർമാരുടെ സേവനം നിലവിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ലഭ്യമാണ്.

കുന്നംകുളം താലൂക്ക് ആശുപത്രി വികസനം

184 (3211) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണുള്ളത്?

കുന്നംകുളം താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി കിഫ്ബി വഴി പ്രഖ്യാപിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ബി&സി) കുന്നംകുളം താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബി പദ്ധതിയിൽപ്പെടുത്തി 18-2-2020-ന് സർക്കാർ 97.11 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് പഴയ കെട്ടിടങ്ങൾ പൊളിച്ചു

മാറ്റുന്നതിനുള്ള അനുമതി 22-3-2021-ൽ സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകൽ തയ്യാറാക്കി നൽകിയിട്ടുള്ള വിശദ പദ്ധതിരേഖ അംഗീകരിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ച ശേഷം മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി

185 (3212) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് 22-1-2020-ലെ ഫയൽ നമ്പർ ഹെൽത്ത്-എഫ്.ഡബ്ല്യു 1/6/2020 പ്രകാരം നൽകിയ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് 22-1-2020-ൽ നൽകിയ ഹെൽത്ത്-എഫ്.ഡബ്ല്യു1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

(ബി) ഡിസ്പെൻസറിയോ സബ് സെന്ററോ ആരംഭിക്കുന്നത് സംബന്ധിച്ച് ഫയൽ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കമ്പ്യൂട്ടർ നമ്പർ ലഭ്യമാക്കാമോ; ഈ വിഷയം സംബന്ധിച്ച് കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. കുമ്മണ്ണൂരിൽ ഡിസ്പെൻസറി/സബ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ഫയലിന്റെ കമ്പ്യൂട്ടർ നമ്പർ 1411536 ആണ്. ഈ വിഷയം സംബന്ധിച്ച് കോട്ടയം ഡി.എം.ഒ. യുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രം

186 (3213) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly